## ചെന്നെ ദുരിതാശ്വാസ ഫണ്ടിലേക്ക് (സ്പർശം) തുക നൽകി

റാന്നി : ചെന്നെയിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി മലങ്കര ഓർത്തഡോക്സ് സഭയുടെ നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ശേഖരിച്ച തുക യുവജനപ്രസ്ഥാനം കേന്ദ്ര വൈസ്പ്രസിഡന്റ് ബഹു.ഫിലിപ്പ് തരകൻ അച്ചന് കൈമാറി. 49-ാമത് റാന്നി നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ വേദിയിൽ വച്ച് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, റവ.ഫാ.എം.ജെ.ജോൺ, റവ.ഫാ. മാത്യു കുര്യൻ, റവ.ഫാ.സാം പി.ജോർജ്ജ്, ഭദ്രാസന കൗൺസിൽ അംഗം ശ്രീ.ജേക്കബ് മാത്യു എന്നിവരുടെ സാന്നിദ്ധ്യത്തിൽ യുവജനപ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.അനു വടശ്ശേരിക്കര, ജോയിന്റ് സെക്രട്ടറി മിന്റ മറിയം വർഗീസ്, കേന്ദ്ര കമ്മറ്റിയംഗം അഡ്വ.ബോബി കാക്കാനപ്പള്ളിൽ എന്നിവർ ചേർന്നാണ് ദുരിതാശ്വാസ ഫണ്ടിലേക്കുള്ള ആദ്യ ഗഡു നൽകിയത്. ചെന്നൈയിൽ ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങാകുവാൻ നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനം നടത്തിയ പ്രവർത്തനങ്ങളെ ബഹു.ഫിലിപ്പ് തരകൻ അച്ചൻ പ്രത്യേകം ശ്ലാഘിച്ചു.